# CBCSS (Model 1)-
# Second Semester Degree Examination
# B.A Malayalam

## കോർ പേപ്പർ

### *ചെറുശ്ശേരി മുതൽ കവിത്രയം വരെ*

1) കൃഷ്ണഗാഥയുടെ പ്രമേയം സ്വീകരിച്ചിരിക്കുന്നതെവിടെ നിന്നാണ്?
എ. ഭാഗവതം ദശമസ്കന്ധം ബി) ഭഗവത്ഗീത
സി) മഹാഭാരതം ഡി) വാല്മീകി രാമായണം.

ഉത്തരം : എ

2) കണ്ണന്റെ കാന്തിയെ കൈ തുടർന്നൂ നിങ്ങൾ
എന്നുടെ കാന്തിയോ വേയല്ലോ -എന്നു പറഞ്ഞതാരാണ്?
എ) ബലരാമൻ ബി) അർജുനൻ
സി) കുചേലൻ ഡി) കാർമുകിൽ മാലകൾ ഉത്തരം: എ

3) മഹാഭാരതത്തിലെ ഏതു പർവ്വമാണ് വിദുരോപദേശത്തിന് നിദാനം?
എ) കർണ്ണപർവ്വം ബി) സ്ത്രീപർവ്വം സി) ഭീഷ്മപർവ്വം ഉത്തരം: ബി

4) കുമാരഹരണം പാന എന്നു കൂടി അറിയപ്പെടുന്ന പൂന്താനം കൃതി?
എ) ജ്ഞാനപ്പാന ബി) സന്താനഗോപാലം
സി) ശ്രീകൃഷ്ണാമൃതം ഡി) ഘനസംഘം ഉത്തരം: ബി

5) കുമാരനാശാൻ രചിച്ച അവസാന കൃതിയേത്?
എ) ചണ്ഡാലഭിക്ഷുകി ബി) നളിനി സി) ലീല ഡി) കരുണ ഉത്തരം: ഡി

6) ഏ ആറിന്റെ മരണത്തിൽ അനുശോചിച്ചുകൊ് കുമാരാനാശാൻ എഴുതിയ കൃതിയേത്?
എ) പ്രരോദനം ബി) കരുണ സി) ദുരവസ്ഥ ഡി) വീണപൂവ് ഉത്തരം: എ

7) മലയാളത്തിലെ പ്രേമോപനിഷത്ത് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കൃതി?
എ) ജ്ഞാനപ്പാന ബി) നളിനി
സി) പ്രേമസംഗീതം ഡി) വീണപൂവ് ഉത്തരം: സി

8) ഉള്ളൂരിന്റെ മഹാകാവ്യമേത്?
എ) ഭക്തിദീപിക ബി) ഉമാകേരളം സി) കർണ്ണഭൂഷണം ഡി) ചിത്രശാല

ഉത്തരം: ബി

9) വള്ളത്തോളിന്റെ മഹാകാവ്യമേത്?
എ) മഗ്ദലനമറിയം ബി) ഔഷധാഹരണം സി) ശിഷ്യനും മകനും ഡി) ചിത്രയോഗം

ഉത്തരം: ഡി

10) അംബരീഷചരിതം ഓട്ടൻതുള്ളൽ - ആരുടേതാണ്?
എ) വെണ്മണി മഹൻ ബി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
സി) വെണ്മണി അച്ഛൻ നമ്പൂതിരി ഡി) പൂന്തോട്ടത്ത് അച്ഛൻ നമ്പൂതിരി

ഉത്തരം: ഡി

11) ഷേക്സ്പിയറുടെ ഒഥല്ലോ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കവി?
എ) വള്ളത്തോൾ ബി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
സി) വെണ്മണി മഹൻ ഡി) ഉള്ളൂർ

ഉത്തരം: ബി

12) പൂരപ്രബന്ധം ആരുടെ കൃതിയാണ്?
എ) വെണ്മണി മഹൻ ബി) ഒറവങ്കര സി) പൂന്തോട്ടത്ത് അച്ഛൻ ഡി) കൊച്ചുണ്ണിത്തമ്പുരാൻ
ഉത്തരം: എ

13) ശ്രീയേശു വിജയം ആരുടേതാണ്?
എ) വള്ളത്തോൾ ബി) അർണ്ണോസുപാതിരി
സി) കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള ഡി) ഉള്ളൂർ
ഉത്തരം: സി

14) കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ വൃത്തമേത്?
എ) നതോന്നത ബി) തരംഗിണി സി) മഞ്ജരി ഡി) കാകളി ഉത്തരം: എ

15) രാമപുരത്തു വാര്യർ ഏതു രാജാവിന്റെ ആശ്രിതനായിരുന്നു?
എ) കോലത്തിരി ബി) സാമൂതിരി സി) മാർത്താണ്ഡവർമ്മ ഡി) ധർമ്മരാജാവ്
ഉത്തരം: സി

16) പാനാവൃത്തമേത്?
എ) തരംഗിണി ബി) സർപ്പിണി സി) നതോന്നത ഡി) മഞ്ജരി
ഉത്തരം: ബി

17) രാത്രിക്ക് വെണ്ണിലാവിന്റെ ഒളിവരുത്തുന്നതിനായി രാവണൻ വിളിച്ചതാരെയാണ്?
എ) വിദ്യുജ്ജിഹ്വൻ ബി) നാരദൻ സി) കാമദേവൻ ഡി) കുബേരൻ
ഉത്തരം: എ

18) സീതയെ പ്രീതിപ്പെടുത്തുവാൻ മധുരതരമായി പാടാൻ രാവണൻ ക്ഷണിച്ചതാരെയാണ്?
എ) ഗന്ധർവ്വനെ ബി) നാരദനെ സി) കാമദേവനെ ഡി) സരസ്വതിയെ
ഉത്തരം: ബി

19) ജാതനായാൽ മൃതനാമവനെന്നൊരു നീതി ചമച്ചതാരെന്നാണ് വിദുരർ പറയുന്നത്?
എ) വിഷ്ണു ബി) ശിവൻ സി) ബ്രഹ്മാവ് ഡി) കർമ്മം
ഉത്തരം: സി

20) ഗാഥാവൃത്തമേത്?
എ) മഞ്ജരി ബി) തരംഗിണി സി) കാകളി ഡി) നതോന്നത
ഉത്തരം:. എ

21) മാപ്പിളപ്പാട്ടുകളിലെ ഭാഷ?
എ) അറബി ബി) സംസ്കൃതം സി) മലയാളം ഡി) അറബിമലയാളം
ഉത്തരം: സി

22) അധ്യാത്മരാമായണം സുന്ദരകാണ്ഡത്തിൽ ഉപയോഗിച്ചിരിക്കുന്ന വൃത്തം?
എ) കാകളി ബി) അന്നനട സി) കളകാഞ്ചി ഡി) കേക
ഉത്തരം: ബി

23) അർണ്ണോസുപാതിരി രചിച്ച കിളിപ്പാട്ട്?
എ) പുകയില മാഹാത്മ്യം ബി) ചതുരന്ത്യം സി) പുത്തൻപാന ഡി) വ്യാകുലപ്രലാപം
ഉത്തരം: ബി

24) പുത്തൻപാനയ്ക്കു പറയുന്ന മറ്റൊരു പേര്?
എ) കൂദാശപ്പാന ബി) വ്യാകുലപ്രലാപം സി) ചതുരന്ത്യം ഡി) ജനോവാപർവ്വം
ഉത്തരം: എ

25) ചമ്പൂഗദ്യം എഴുതാനുപയോഗിക്കുന്ന പ്രധാനവൃത്തം?
എ) തരംഗിണി ബി) കാകളി സി) മഞ്ജരി ഡി) കേക

ഉത്തരം: എ

26) ഭാഷയിലെ ഏറ്റവും വലിയ ചമ്പൂ കൃതി?

എ) രാമായണം ചമ്പു ബി) നൈഷധം ചമ്പു സി) ഭാരത ചമ്പു ഡി) കൊടിയ വിരഹം

ഉത്തരം: എ

27) പുനം നമ്പൂതിരി ആരുടെ സദസ്യനായിരുന്നു?

എ) മാർത്താണ്ഡ വർമ്മ ബി) സാമൂതിരി സി) കോലത്തിരി ഡി) മാനവിക്രമന്റെ

ഉത്തരം: ഡി

28) പൂന്താനം എഴുതിയ മണപ്രവാളകാവ്യം?

എ) ശിവവിലാസം ബി) ശ്രീകൃഷ്ണ കർണ്ണാമൃതം

സി) ജ്ഞാനപ്പാന ഡി) സന്താനഗോപാലം ഉത്തരം: ബി

29) താരാവലീ ചന്ദ്രസേനം എന്നറിയപ്പെടുന്ന വള്ളത്തോൾ കൃതി?

എ) ബധിരവിലാപം ബി) ബന്ധനസ്ഥനായ അനിരുദ്ധൻ

സി) ചിത്രയോഗം ഡി) കൊച്ചുസീത ഉത്തരം: സി

30) ക്രൈസ്തവ കാളിദാസൻ-എന്നറിയപ്പെടുന്നതാര്?

എ) കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള ബി) അർണ്ണോസുപാതിരി

സി) വള്ളത്തോൾ ഡി) പുത്തൻകാവ് മാത്തൻ തരകൻ

ഉത്തരം: എ

31) തൃശൂർപൂരത്തെ ആസ്പദമാക്കി വെണ്മണി മഹൻ രചിച്ച കൃതി?

എ) കേരളം ബി) പൂരപ്രബന്ധം സി) ഒരു നേർച്ച ഡി) ദുതിഭൂഷചരിതം

ഉത്തരം: ബി

32) കാൽപ്പനിക പ്രസ്ഥാനത്തിനും മലയാള കവിതയ്ക്കും വഴിത്തിരിവായ ആശാന്റെ കാവ്യം?

എ) നളിനി ബി) വീണപൂവ് സി) പ്രരോദനം ഡി) ദുരവസ്ഥ

ഉത്തരം: ബി

33) ഉള്ളൂരിന്റെ ആദ്യ ഖണ്ഡകാവ്യം?

എ) കർണ്ണഭൂഷണം ബി) ചിത്രശാല സി) പിങ്ഗള ഡി) ഭക്തിദീപിക

ഉത്തരം: എ

34) ഭാരതീയ സ്ത്രീത്വത്തെ ചോദ്യം ചെയ്ത കാതറീൻ മേയോയ്ക്കുള്ള മറുപടിയായി ഉള്ളൂർ രചിച്ച കൃതി?

എ) ചിത്രശാല ബി) പിംഗള സി) ഭക്തിദീപിക ഡി) കർണ്ണഭൂഷണം

ഉത്തരം: എ

35) ഏ. ആർ അവതാരികയെഴുതിയ കുമാരനാശാൻ കൃതി?

എ) കരുണ ബി) നളിനി സി) വീണപൂവ് ഡി) ദുരവസ്ഥ

ഉത്തരം: ബി

36) പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നതെന്താണെന്നാണ് ഉള്ളൂർ പറയുന്നത്?

എ) പ്രകൃതി ബി) ഈശ്വരൻ സി) സത്യം ഡി) പ്രേമം

ഉത്തരം: ഡി

37) അച്ഛൻ കൊടുത്തോരു കൊടും കുഠാരം

മകന്റെ നേർക്കക്ഷണമാഞ്ഞു വിട്ടു - ആര്?

എ) ഗണപതി ബി) പരമശിവൻ സി) പരശുരാമൻ ഡി) വിശ്വാമിത്രൻ

ഉത്തരം: സി

38) തരുവാടിയിലൂടെ കിടു-

ന്നൊരു താരാപഥ ഭാഗമെന്നപോൽ - ശോഭിച്ചതെന്ത്?

എ) സീതയുടെ മുടിക്കെട്ട് ബി) കവിൾത്തടം സി) കൈകൾ ഡി) മേനി

ഉത്തരം: എ

39) പച്ചപ്പുല്ലണി പൂറ്റേം
മെച്ചമായീടു മസ്ഥലം
പച്ചപ്പട്ടു വിരിച്ചോരു
മച്ചകം പോലെ മഞ്ജുളം - ഏതു സ്ഥലം?
എ) കേരളം ബി) വാല്മീക്യാശ്രമം സി) ഏദൻതോട്ടം ഡി) ദ്വാരക

ഉത്തരം: സി

40) ബദറുൽ മുനീർ ഹുസ്സൽ ജമാലിന്റെ മൂലരചന ഏതു ഭാഷയിലാണ്?
എ) ലത്തീൻ ബി) പേർഷ്യൻ സി) അറബി ഡി) സുറിയാനി

ഉത്തരം: ബി

41) മർത്ത്യാകാരേണ ഗോപീവസനനിര കവർന്നോരു ദൈത്യാരി - ആര്?
എ) കൃഷ്ണൻ ബി) ബലരാമൻ സി) ഗണപതി ഡി) പരശുരാമൻ

ഉത്തരം: എ

42) പട്ടിണികൊു മെലിഞ്ഞ പണ്ഡിതനു കുശസ്ഥലീ-
പട്ടണം കപ്പോഴെ വിശപ്പും ദാഹവും പെട്ടെന്നകന്നു - ആരാണ് സൂചിതം?
എ) പരശുരാമൻ ബി) വാല്മീകി സി) കുചേലൻ ഡി) ബലരാമൻ

ഉത്തരം: സി

43) അർത്ഥാശയ്ക്കു വിരുതു വിളിപ്പാൻ ചിലർ എന്താണു ചെയ്യുന്നത്?
എ) കോലകങ്ങൾ സേവകരാകുന്നു ബി) മത്തേഭംകൊു കച്ചവടം ചെയ്യുന്നു
സി) സ്വർണ്ണ വില്പന നടത്തുന്നു ഡി) അഗ്നിഹോത്രം നടത്തുന്നു

ഉത്തരം: ഡി

44) പ്രാചീരമണീവദനം പോലേ
രജനീയോഷാമുകുരം പോലേ- എന്തിനെയാണ് വിശേഷിപ്പിക്കുന്നത്?
എ) സൂര്യനെ ബി) ചന്ദ്രനെ സി) നക്ഷത്രങ്ങളെ ഡി) സീതാമുഖത്തെ

ഉത്തരം: ബി

45) ആത്മനിഷ്ഠമായ വള്ളത്തോൾ കൃതി?
എ) അച്ഛനും മകളും ബി) കൊച്ചുസീത സി) ബധിരവിലാപം ഡി) കൊച്ചുസീത

ഉത്തരം: സി

46) ഉള്ളൂർക്കവിതകളുടെ താഴികക്കുടം എന്നറിയപ്പെടുന്ന കൃതി?
എ) കർണ്ണഭൂഷണം ബി) പിംഗള സി) ചിത്രശാല ഡി) ഭക്തിദീപിക

ഉത്തരം: എ

47) ഋഗ്വേദം മലയാളത്തിലേക്കു തർജ്ജമ ചെയ്തതാര്?
എ) കുമാരനാശാൻ ബി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ സി) വള്ളത്തോൾ ഡി) ഉള്ളൂർ

ഉത്തരം: സി

48) സുഭാഷിതകോശം എന്ന പ്രാചീന ശൃംഗാര കാവ്യം ആരുടേതാണ്?
എ) ആശാൻ ബി) ഉള്ളൂർ സി) വള്ളത്തോൾ ഡി) വെണ്മണി മഹൻ

ഉത്തരം: സി

49) എന്റെ ഗുരുനാഥൻ എന്ന കവിതയിൽ വള്ളത്തോൾ സ്മരിക്കുന്നതാരെയാണ്?
എ) ഈശ്വരനെ ബി) പ്രകൃതിയെ സി) കവിതയെ ഡി) ഗാന്ധിജിയെ

ഉത്തരം: ഡി

50) കേരള കലാമണ്ഡല സ്ഥാപകരിൽ പ്രധാനിയായ കവി?
എ) ഉള്ളൂർ ബി) കുമാരനാശാൻ സി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഡി) വള്ളത്തോൾ

ഉത്തരം: ഡി

51) വിപ്ലവത്തിന്റെ ശുക്രനക്ഷത്രമെന്ന് കുമാരനാശാനെ വിശേഷിപ്പിച്ചതാര്?
എ) എം. പി. പോൾ ബി) കുട്ടിക്കൃഷ്ണ മാരാർ
സി) ജോസഫ് മുശ്ശേരി ഡി) ഏ. ആർ. രാജരാജവർമ്മ

ഉത്തരം: സി

52) കുമാരനാശാന്റെ നാടകമേത്?
എ) വിചിത്രവിജയം ബി) മണിമാല സി) നവമാലിക ഡി) കരുണ

ഉത്തരം: എ

53) ലൈറ്റ് ഓഫ് എഷ്യയുടെ വിവർത്തനമായ ആശാൻ കാവ്യം?
എ) ദുരവസ്ഥ ബി) കരുണ സി) ചണ്ഡാലഭിക്ഷുകി ഡി) ശ്രീബുദ്ധചരിതം

ഉത്തരം: ഡി

54) ശങ്കരാചാര്യരുടെ സൗന്ദര്യലഹരി മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്?
എ) കുമാരനാശാൻ ബി) നള്ളത്തോൾ
സി) ഉള്ളൂർ ഡി) നാലപ്പാട്ട് നാരായണ മേനോൻ

ഉത്തരം: എ

55) മലബാറിൽ നടന്ന മാപ്പിളലഹള പശ്ചാത്തലമാക്കി ആശാൻ രചിച്ച കാവ്യം?
എ) ലീല ബി) ദുരവസ്ഥ സി) പ്രരോദനം ഡി) കരുണ

ഉത്തരം: ബി

56) ഖണ്ഡകാവ്യപ്രസ്ഥാനത്തിലെ ആദ്യ കൃതി?
എ) മലയവിലാസം ബി) വീണപൂവ് സി) നളിനി ഡി) ലീല

ഉത്തരം: എ

57) മർത്ത്യാകാരേണ ഗോപീവസനനിര കവർന്നോരു ദൈത്യാരിയെത്താൻ ചിത്തേ ബന്ധിച്ച വഞ്ചീശ്വരാ - എന്നു തുടങ്ങുന്ന മുക്തകം ഒറവങ്കര കാഴ്ച വച്ചതാർക്ക്?
എ) മാർത്താണ്ഡവർമ്മയ്ക്ക് ബി) കോട്ടയം കേരളവർമ്മയ്ക്ക്
സി) ശ്രീമൂലം തിരുനാളിന് ഡി) ഉത്രം തിരുനാളിന്

ഉത്തരം:- സി

58) മരണസമയത്തെ മനുഷ്യന്റെ സംഭ്രാന്തി ആവിഷ്കരിക്കുന്ന അർണ്ണോസുപാതിരിയുടെ കൃതിയേത്?
എ) വ്യാകുല പ്രബന്ധം ബി) ചതുരന്ത്യം സി) ഉമ്മാപർവ്വം ഡി) വ്യാകുലപ്രയോഗം

ഉത്തരം: ബി

59) പുത്തൻപാന ജ്ഞാനപ്പാനയെ അനുകരിച്ചെഴുതിയതാണെന്നു പറഞ്ഞതാര്?
എ) സി. ജെ. തോമസ് ബി) എസ്. ഗുപ്തൻ നായർ
സി) ടി. എം. ചുമ്മാർ ഡി) ജോസഫ് മുശ്ശേരി

ഉത്തരം:- എ

60) വെണ്മണി മഹന്റെ നാടകമേത്?
എ) ഭൂതിഭൂഷ ചരിതം ബി) ഗണപതിപ്രാതൽ സി) പ്രച്ഛന്ന പാണ്ഡവം ഡി) പൂരപ്രബന്ധം

ഉത്തരം: സി

61) വെണ്മണി പ്രസ്ഥാനത്തിലെ ഒറ്റയാൻ എന്നു വിശേഷിപ്പിക്കപ്പെടുന്നതാര്?
എ) കൊച്ചുണ്ണിത്തമ്പുരാൻ ബി) ഒറവങ്കര സി) കുറൂർ ഡി) ശീവൊള്ളി

ഉത്തരം: ബി

62) രാജാ എന്ന തൂലികാനാമത്തിലറിയപ്പെട്ടിരുന്ന വെണ്മണിക്കവി?
എ) ഒറവങ്കര ബി) ശീവൊളി സി) കൂർ ഡി) നടുവത്തച്ഛൻ ഉത്തരം: എ

63) പൂന്താനത്തിന്റെ സമകാലികനായിരുന്ന കവി?
എ) ഉദുണ്ഡശാസ്ത്രികൾ ബി) മേൽപ്പുത്തൂർ
സി) രാമപുരത്തുവാര്യർ ഡി) കുഞ്ചൻനമ്പ്യാർ
ഉത്തരം: ബി

64) ഗീതഗോവിന്ദത്തിന്റെ വിവർത്തനമായ വാര്യർകൃതി?
എ) കുചേലവൃത്തം ബി) ഭാഷാഷ്ടപദി സി) ദേവഗീത ഡി) അഷ്ടപദി
ഉത്തരം: ബി

65) വെറുമൊരു ലഘുകാവ്യം കൊ് അലഘുവായ പ്രശസ്തി സമ്പാദിച്ച മഹാകവിയാണ് രാമപുരത്തു വാര്യർ എന്നഭിപ്രായപ്പെട്ടതാര്?
എ) പി. കെ. പരമേശ്വരൻ നായർ ബി) എൻ. കൃഷ്ണപിള്ള
സി) എസ്. ഗുപ്തൻ നായർ ഡി) ഡോ. എസ്. കെ. നായർ
ഉത്തരം: സി

66) മലയാളത്തിലെ ആദ്യത്തെ ഭാവഗായകകവി പൂന്താനവും ആദ്യത്തെ ഭാവകാവ്യം ജ്ഞാനപ്പാനയുമാണെന്നഭിപ്രായപ്പെട്ടത്?
എ) ഉള്ളർ ബി) കെ. വി. കൃഷ്ണകുമാർ
സി) എൻ. കൃഷ്ണപിള്ള ഡി) എൻ. വി. കൃഷ്ണവാര്യർ
ഉത്തരം:- ബി

67) എഴുത്തച്ഛനെ പുതുമലയാണ്മതൻ മഹേശ്വരൻ എന്ന് കീർത്തിച്ചതാര്?
എ) കുഞ്ഞിക്കുട്ടൻ തമ്പുരാൻ ബി) ഉള്ളൂർ
സി) വള്ളത്തോൾ ഡി) എൻ. കൃഷ്ണപിള്ള ഉത്തരം: സി

68) എഴുത്തച്ഛൻ കൃതികളിലെ പ്രധാനവൃത്തം?
എ) കാകളി ബി) കളകാഞ്ചി സി) കേക ഡി) അന്നനട
ഉത്തരം: എ

69) കൃഷ്ണഗാഥയിലെ ഭക്തൻ അതിലെ കവിക്കു കീഴടങ്ങിയിരിക്കുന്നു എന്ന് അഭിപ്രായപ്പെട്ടതാര്?
എ) പി. കെ. നാരായണപിള്ള ബി) ഉള്ളൂർ
സി) കുൂർ നാരായണമേനോൻ ഡി) ചേലനാട്ട് അച്യുതൻ
ഉത്തരം: ഡി

70) വഞ്ചിപ്പാട്ടു വൃത്തത്തിലെഴുതിയ കുമാരനാശാൻ കൃതി?
എ) കരുണ ബി) ദുരവസ്ഥ സി) നളിനി ഡി) ചണ്ഡാലഭിക്ഷുകി
ഉത്തരം: എ

71) ചിന്താവിഷ്ടയായ സീത പ്രസിദ്ധീകൃതമായ വർഷം?
എ) 1914 ബി) 1911 സി) 1919 ഡി) 1923
ഉത്തരം: സി

72) ഒരു സ്നേഹം എന്നു കൂടി പേരുള്ള ആശാൻ കൃതി?
എ) വീണപൂവ് ബി) നളിനി സി) ലീല ഡി) ചിന്താവിഷ്ടയായ സീത
ഉത്തരം: ബി

73) വീണപൂവ് ആദ്യം പ്രസിദ്ധീകരിച്ചത്?
എ) വിവേകോദയം ബി) മിതവാദി സി) വിദ്യാവിനോദിനി ഡി) ഭാഷാപോഷിണി

ഉത്തരം: ബി

74) ഉള്ളൂരിന്റെ ഉമാകേരളത്തിന് അവതാരികയെഴുതിയത്?
എ) ഏ.ആർ ബി) കുഞ്ഞിക്കുട്ടൻതമ്പുരാൻ സി) കേരളവർമ്മ ഡി) കുട്ടിക്കൃഷ്ണമാരാർ
ഉത്തരം: സി

75) കൈരളിയുടെ കർണ്ണപുണ്യം - എന്ന് കർണ്ണഭൂഷണത്തെ വിശേഷിപ്പിച്ചതാര്?
എ) ഏ. ആർ. ബി) കേരളവർമ്മ സി) വള്ളത്തോൾ ഡി) സഞ്ജയൻ
ഉത്തരം: ഡി

76) ചാത്തന്റെ സദ്ഗതി എന്ന ഉള്ളൂർ കൃതിയുടെ മറ്റൊരു പേര്?
എ) ഭക്തിദീപിക ബി) പിംഗള സി) കർണ്ണഭൂഷണം ഡി) ചിത്രശാല
ഉത്തരം: എ

77) ഉള്ളൂരിന്റെ നാടകം?
എ) സുജാതോദ്വാഹം ബി) ഉമാകേരളം സി) അംബ ഡി) തപ്തഹൃദയം
ഉത്തരം: സി

78) വള്ളത്തോളിന്റെ സാഹിത്യമഞ്ജരിക്ക് എത്ര ഭാഗങ്ങളു്?
എ) 8 ബി) 9 സി) 10 ഡി) 11
ഉത്തരം: ഡി

79) വാഗ്ദേവിയുടെ പുരുഷാവതാരമെന്ന് വള്ളത്തോളിനെ വിശേഷിപ്പിച്ചതാര്?
എ) കേരളവർമ്മ ബി) കുട്ടിക്കൃഷ്ണമാരാർ സി) സഞ്ജയൻ ഡി) മുണ്ടശ്ശേരി
ഉത്തരം: ബി

80) കാഞ്ചനക്കൂടിന്റെ അഴികൾ കൊത്തിമുറിച്ച പഞ്ചവർണ്ണക്കിളി - എന്ന് വള്ളത്തോളിനെ വിശേഷിപ്പിച്ചതാര്?
എ) എൻ. കൃഷ്ണപിള്ള ബി) കുട്ടിക്കൃഷ്ണ മാരാർ
സി) ഡോ. എം. ലീലാവതി ഡി) പി. കെ. പരമേശ്വരൻ നായർ
ഉത്തരം: സി

81) സത്യത്തെ ത്യജിക്കുന്നു ചില രഹോ! - എന്തുകൊ്?
എ) സ്ഥാനമാനങ്ങൾക്കുവേ ബി) വിശ്വാസ പാതകം മൂലം
സി) വിത്തത്തിലാശ പറ്റുക മൂലം ഡി) അഹങ്കാരം മൂലം
ഉത്തരം: സി

82) 'മുക്താമാണിക്യമാലാമഴകൊടു' ആർക്ക് കൊടുക്കാനാണ് രാവണൻ ആവശ്യപ്പെടുന്നത്?
എ) ചന്ദ്രന് ബി) താരാഗണങ്ങൾക്ക് സി) സ്വർവ്വേശ്യകൾക്ക് ഡി) മണ്ഡോദരിയ്ക്ക്
ഉത്തരം: ബി

83) വിദുരോപദേശത്തിൽ ആരെയാണ് ഉപദേശിക്കുന്നത്?
എ) ധൃതരാഷ്ട്രരെ ബി) ധർമ്മപുത്രരെ സി) അർജുനനെ ഡി) ശ്രീകൃഷ്ണനെ
ഉത്തരം: എ

84) കാർമുകിൽ മാലകൾ പോയോരു നേരത്തു
തൂമ കലർന്ന ശരത്തു വന്നു - ആരെയാണ് ശരത്ത് എന്നതുകൊ് സൂചിപ്പിക്കുന്നത്?
എ) കൃഷ്ണനെ ബി) ബലരാമനെ സി) ഗണപതിയെ ഡി) പരമശിവനെ
ഉത്തരം: ബി

85) മാറത്തെ വിയർപ്പുവെള്ളം കൊു നാറും സതീർത്ഥ്യനെ
മാറത്തുണ്മയോടു ചേർത്തു ഗാഢം പുണർന്നു -ആര്?
എ) ബലരാമൻ ബി) കുചേലൻ സി) ശ്രീകൃഷ്ണൻ ഡി) പരശുരാമൻ

ഉത്തരം: സി

86) ചമൽക്കാരക്ഷമമായ ഒറ്റശ്ലോകമേത്?
എ) മുക്തകം ബി) ദണ്ഡകം സി) രൂപകം ഡി) വാചകം

ഉത്തരം: എ

87) വെണ്മണി മഹന്റെ യഥാർത്ഥ പേര്?
എ) രാമവർമ്മ ബി) കേരളവർമ്മ സി) കദംബൻ ഡി) ദാമോദരൻ

ഉത്തരം: സി

88) കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നാടകമേത്?
എ) ലക്ഷണാസംഗം ബി) തുപ്പൽക്കോളാമ്പി
സി) ദക്ഷയാഗശതകം ഡി) മദിരാശിയാത്ര

ഉത്തരം: എ

89) കുഞ്ഞിക്കുട്ടൻ തമ്പുരാൻ വിവർത്തനം ചെയ്ത സംസ്കൃത നാടകമേത്?
എ) സ്വപ്നവാസവദത്തം ബി) ആശ്ചര്യചൂഡാമണി
സി) ഊരുഭംഗം ഡി) മാളവികാഗ്നിമിത്രം

ഉത്തരം: ബി

90) ബൈബിൾ അധിഷ്ഠിതമായി മലയാളത്തിലുായ ആദ്യ മഹാകാവ്യം?
എ) വേദവിഹാരം ബി) ശ്രീയേശുവിജയം
സി) ഒലിവേർ വിജയം ഡി) മാർത്തോമ്മാ ചരിതം

ഉത്തരം: ബി

91) മലയാളകവിതയിലെ നാമോപനിഷത്ത് എന്ന് എൻ.വി.കൃഷ്ണവാര്യർ വിശേഷിപ്പിച്ച കൃതി?
എ) കൃഷ്ണഗാഥ ബി) ജ്ഞാനപ്പാന
സി) അധ്യാത്മരാമായണം കിളിപ്പാട്ട് ഡി) കുചേലവൃത്തം വഞ്ചിപ്പാട്ട്

ഉത്തരം: ബി

92) കുചേലവൃത്തം വഞ്ചിപ്പാട്ടിനെ കൈരളീദേവിയുടെ കമനീയമായ കണ്ഠാഭരണം എന്നു വിശേഷിപ്പിച്ചതാര്?
എ) ഉള്ളൂർ ബി) എൽ. കൃഷ്ണപിള്ള
സി) സാഹിത്യ പഞ്ചാനൻ പി. കെ. നാരായണപിള്ള ഡി) എൽ. വി. കൃഷ്ണവാര്യർ

ഉത്തരം: എ

93) കുമാരനാശാന്റെ മരണത്തിനുശേഷം പ്രസിദ്ധീകരിച്ച കൃതി?
എ) വനമാല ബി) മണിമാല സി) പുഷ്പവാടി ഡി) ഒരു തീയക്കുട്ടിയുടെ വിചാരം

ഉത്തരം: ബി

94) ശുദ്ധരിൽ ശുദ്ധൻ -ആരുടെ കവിതയാണ്?
എ) കുമാരനാശാൻ ബി) ഉള്ളൂർ
സി) വള്ളത്തോൾ ഡി) കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള

ഉത്തരം: സി

95) നാളികേര പാകൻ - എന്നറിയപ്പെടുന്ന കവി?
എ) ഉള്ളൂർ ബി) കുമാരനാശാൻ സി) നാലപ്പാട്ട് നാരായണമേനോൻ ഡി) വള്ളത്തോൾ

ഉത്തരം: എ

96) വള്ളത്തോളിന്റെ നാടകീയ ഭാവഗാനം എന്നറിയപ്പെടുന്ന കൃതി?

എ) അച്ഛനും മകളും ബി) ശിഷ്യനും മകനും സി) മഗ്ദലനമറിയം ഡി) ബധിരവിലാപം

ഉത്തരം: ബി

97) മുക്തകപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ എന്നറിയപ്പെടുന്നത്?

എ) പച്ചമലയാളകവികൾ ബി) കാല്പനിക കവികൾ

സി) വെണ്മണിക്കവികൾ ഡി) മഹാകവികൾ

ഉത്തരം: സി

98) ആശാന്റെ സീതാകാവ്യം എന്ന വിമർശന കൃതി ആരുടേതാണ്?

എ) സുകുമാർ അഴീക്കോട് ബി) എം. പി. പോൾ

സി) എസ്. ഗുപ്തൻ നായർ ഡി) ജോസഫ് മുണ്ടശ്ശേരി

ഉത്തരം: എ

99) വെണ്മണി പ്രസ്ഥാനത്തിന്റെ അനന്തിരാവകാശി എന്നറിയപ്പെടുന്ന കവി?

എ) കുഞ്ഞിക്കുട്ടൻ തമ്പുരാൻ ബി) കുറ്റൂർ നാരായണ മേനോൻ

സി) വള്ളത്തോൾ ഡി) ഉള്ളൂർ

ഉത്തരം: സി

100) വള്ളത്തോളിന്റെ കൊച്ചുസീതയുടെ ഹാസ്യാനുകരണമായ കുഞ്ഞിമാത എഴുതിയതാര്?

എ) സഞ്ജയൻ ബി) മാലി മാധവൻ നായർ

സി) എൻ. വി. കൃഷ്ണവാര്യർ ഡി) മുലൂർ എസ്. പത്മനാഭപ്പണിക്കർ

ഉത്തരം: എ